


## ശക്തമായ മഴ

# ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകി: മന്ത്രി വീണാ ജോർജ്






തിരുവനന്തപുരം:സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആശുപത്രികൾക്കും ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം കാരണം നിരവധി പകർച്ചവ്യാധികൾ ഉണ്ടാകാൻ സാധ്യതയുണ്ട്. വെള്ളം കയറാൻ സാധ്യതയുള്ള ആരോഗ്യ സ്ഥാപനങ്ങൾ ആവശ്യമായ ബദൽ ക്രമീകരണങ്ങൾ ഒരുക്കണം. മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ നേരത്തെ തന്നെ നിർദേശം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകൾ മാർഗനിർദേശങ്ങൾ പാലിച്ചായിരിക്കണം പ്രവർത്തിക്കേണ്ടത്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കണം. രോഗലക്ഷണങ്ങൾ കാൽ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

മഴ തുടരുന്നതിനാൽ ഡെങ്കിപ്പനിയ്ക്കും എലിപ്പനിയ്ക്കും സാധ്യതയുണ്ട്. കൊതുകു കടി ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. എലിപ്പനി പ്രതിരോധം പ്രധാനമാണ്. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ ഗംബൂട്ട്, ഗ്ലൗസ് മുതലായ വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കണം. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ഇറങ്ങുന്നവർ കൈകാലുകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുക. വെള്ളത്തിലിറങ്ങുന്നവർ നിർബന്ധമായും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്. കെട്ടി നിൽക്കുന്ന വെള്ളത്തിൽ കുട്ടികൾ കളിക്കുകയോ കുളിക്കുകയോ ചെയ്യരുത്.

വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയവ ഉാകാതിരിക്കാൻ ശ്രദ്ധിക്കണം. മഞ്ഞപ്പിത്തം ബാധിച്ചവർ ഭക്ഷണം പാകം ചെയ്യുമ്പോൾ രോഗം പടരാൻ സാധ്യതയുള്ളതിനാൽ അവർ ഭക്ഷണം പാകം ചെയ്യാൻ പാടില്ല. അവർ സ്വയം സൂക്ഷിക്കുകയും സമ്പർക്കം പുലർത്താതിരിക്കുകയും ചെയ്യണം. രോഗി ഉപയോഗിച്ച വസ്ത്രങ്ങളും വസ്തുക്കളും പങ്കിടരുത്. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക. ഭക്ഷണം കഴിക്കുന്നതിന് മുമ്പും മലമൂത്ര വിസർജ്ജനത്തിന് ശേഷവും കൈകൾ സോപ്പുപയോഗിച്ച് കഴുകുക.

സ്തുത്യർഹമായ സേവനം കാഴ്ചവച്ച

# നഴ്സുമാർക്കുള്ള അവാർഡ് പ്രഖ്യാപിച്ചു



തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച നഴ്സുമാർക്കുള്ള സംസ്ഥാനതല അവാർഡ് (സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡ്) ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിൽ നിന്നുള്ള നഴ്സുമാരെയാണ് അവാർഡിനായി പരിഗണിച്ചത്. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയാണ് സൂക്ഷ്മ പരിശോധന നടത്തി അവാർഡിന് അർഹരായവരെ തെരഞ്ഞെടുത്തത്.

ആരോഗ്യ വകുപ്പിൽ ജനറൽ നഴ്സിംഗ് വിഭാഗത്തിൽ സംസ്ഥാനതല പുരസ്കാരം ഇടുക്കി ജില്ലാ ആശുപത്രി നഴ്സിംഗ് ഓഫീസർ അരുൺ കുമാർ പി എം, ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗത്തിൽ സംസ്ഥാനതല പുരസ്കാരം ഇടുക്കി വാളറ ദേവിയാർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ജി. ജോൺ എന്നിവർക്കാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജനറൽ നഴ്സിംഗ് വിഭാഗം സംസ്ഥാന തലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രി സീനിയർ നഴ്സിംഗ് ഓഫീസർ ജ്യോതി കെ, ജില്ലാതലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് സീനിയർ നഴ്സിംഗ് ഓഫീസർ ഷാനിഫ ബീവി എച്ച്. എന്നിവർ പുരസ്കാരത്തിന് അർഹരായി.

ജനറൽ നഴ്സിംഗ് ജില്ലാ തലത്തിൽ ചിറയിൻകീഴ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ സബിത എസ്, കടയ്ക്കൽ താലൂക്ക് ആശുപത്രിയിലെ മീനു എ എസ്, കോട്ടയം പാലാ ജനറൽ ആശുപത്രിയിലെ സിന്ധു പി നാരായണൻ, എറണാകുളം ജനറൽ ആശുപത്രിയിലെ ശ്യാമള എ എൻ, തൃശൂർ ജനറൽ ആശുപത്രിയിലെ ജിഷ എസ്, കോഴിക്കോട് ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ ഷൈലജ ടി കെ ഇടുക്കി കുമിളി കുടുംബാരോഗ്യ കേന്ദ്രത്തിലെ മേഴ്സി ചാക്കോ, കാസർഗോഡ് തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ ബിനി പി എന്നിവർ പുരസ്കാരത്തിന് അർഹരായി.

പബ്ലിക് ഹെൽത്ത് ജില്ലാ തല വിഭാഗത്തിൽ തിരുവനന്തപുരം പള്ളിച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫ്ളോറൻസ്, കൊല്ലം ശൂരനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സുബീന കാസിം, ഫോർട്ട് കൊച്ചി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ബിന്ദു കുമാരി ടി, കാസർഗോഡ് ചെറുവത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ സ്മിത രാമൻ എന്നിവർ പുരസ്കാരത്തിന് അർഹരായി.

നഴ്സുമാർ നടത്തുന്നത്

# സമാനതകളില്ലാത്ത ആതുര സേവനം



**മേയ് 12**
**അന്താരാഷ്ട്ര നഴ്സസ് ദിനം**


തിരുവനന്തപുരം: നഴ്സുമാർ നടത്തുന്നത് സമാനതകളില്ലാത്ത ആതുര സേവനമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആതുര സേവന രംഗത്തെ പ്രൊഫഷണലുകളുടെ ഏറ്റവും വലിയ ഗ്രൂപ്പാണ് നഴ്സിംഗ്. നമ്മുടെ നഴ്സുമാരുടെ സേവന സന്നദ്ധതയും കഴിവും പ്രാഗത്ഭ്യവും മൂലം ആഗോള തലത്തിൽ മലയാളി നഴ്സുമാർക്ക് വലിയ സ്വീകാര്യതയാണുള്ളത്. അത് മുന്നിൽ കണ്ട് വലിയ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. വിദേശ രാജ്യങ്ങളിൽ നഴ്സുമാർക്ക് മികച്ച അവസരങ്ങൾ ലഭ്യമാക്കാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രി വീണാ ജോർജ് ഉൾപ്പെടെയുള്ള സംഘം ചർച്ചകൾ നടത്തിയിരുന്നു. ഇതിന്റെ ഫലമായി വിദേശ രാജ്യങ്ങളിൽ നഴ്സുമാർക്ക് വലിയ അവസരങ്ങളാണ് ലഭ്യമായത്.

ആധുനിക നഴ്സിങ്ങിന്റെ മാതാവായ ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമായ മേയ് 12 ആണ് അന്താരാഷ്ട്ര നഴ്സസ് ദിനമായി ആചരിക്കുന്നത്. ഈ വർഷത്തെ നഴ്സസ് ദിന സന്ദേശം 'നമ്മുടെ നഴ്സുമാർ, നമ്മുടെ ഭാവി – നഴ്സുമാരുടെ ക്ഷേമം ഉറപ്പാക്കുന്നത് സമ്പദ് വ്യവസ്ഥ ശക്തമാക്കുന്നു' (Our nurses our future: caring for nurses strengthens economies) എന്നതാണ്.

സ്തുത്യർഹമായ സേവനം കാഴ്ചവച്ച

# നൂൽപ്പുഴയിൽ റോബോട്ടിക് ട്രെയിനറെത്തുന്നു

കൽപ്പറ്റ: രാജ്യത്ത് ആദ്യമായി കുടുംബാരോഗ്യ കേന്ദ്രത്തിൽ റോബോട്ടിക് ഗെയ്റ്റ് ട്രെയിനറെത്തുന്നു. വയനാട്ടിലെ നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലാണ് ഫിസിയോ തെറാപ്പി ചികിത്സയ്ക്ക് റോബോട്ടിക് ഗെയ്റ്റ് വാങ്ങാൻ വയനാട് പാക്കേജിൽ 2.8 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. ആറുമാസത്തിനകം ഉപകരണമെത്തും. ചികിത്സാ മികവിനും സൗകര്യങ്ങൾക്കും രാജ്യാന്തര പുരസ്കാരം നേടിയ കുടുംബാരോഗ്യ കേന്ദ്രത്തിൽ റോബോട്ടിക് സംവിധാനം മുന്നേറ്റമാകും. കേരളത്തിൽ സർക്കാർ ആശുപത്രികളിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലാണ് ഈ സൗകര്യമുള്ളത്. സെറിബ്രൽ പാൾസി ഉൾപ്പെടെ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും പക്ഷാഘാതത്തിൽ തളർന്നവർക്കും വ്യായാമത്തിനുള്ള നൂതന സാങ്കേതിക വിദ്യയാണിത്. ജനസംഖ്യയിൽ 50 ശതമാനം ഗോത്രവിഭാഗങ്ങൾ താമസിക്കുന്ന പഞ്ചായത്താണ് നൂൽപ്പുഴ. കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടുന്നവരിൽ അധികവും ഇവരാണ്. സംസ്ഥാനത്ത് ആദ്യമായി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ–ഹെൽത്ത് സമ്പ്രദായം കൊണ്ടുവന്നതും നൂൽപ്പുഴയിലാണ്. ഫിസിയോ തെറാപ്പി യൂണിറ്റിൽ നിത്യേന നൂറിലധികം പേർ എത്തുന്നുണ്ട്. ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ളവരും കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുള്ളവരും ചികിത്സ തേടി ഇവിടെയെത്തുന്നു. ആരോഗ്യകേന്ദ്രത്തിൽ ആറ് ഫിസിയോതെറാപിസ്റ്റ്, ഒരു സ്പീച്ച് തെറാപിസ്റ്റ്, മൂന്ന് അസിസ്റ്റന്റ് തെറാപ്പിസ്റ്റുകളുമുണ്ട്. റോബോട്ടിക് സംവിധാനമാകുന്നതോടെ സംസ്ഥാനത്തെ വലിയ സ്വകാര്യ ആശുപത്രികളിൽ ലഭിക്കുന്ന സേവനം ഇവിടെ ലഭ്യമാകും. സ്വകാര്യ ആശുപത്രികൾ മണിക്കൂറിന് 3000 രൂപ വരെയാണ് ഇതിന് ഈടാക്കുന്നത്. ആദിവാസി വിഭാഗങ്ങളിലെ ഗർഭിണികൾക്ക് പ്രസവത്തിന് മുമ്പ് താമസമൊരുക്കുന്ന പ്രതീക്ഷാലയം, ജിംനേഷ്യം തുടങ്ങിയവയും ആശുപത്രിയിലുണ്ട്. ഈ വർഷത്തെ മികച്ച സർക്കാർ ഡോക്ടർക്കുള്ള സംസ്ഥാന അവാർഡും കുടുംബാരോഗ്യ കേന്ദ്രത്തെ തേടിയെത്തി. അസിസ്റ്റന്റ് സർജൻ ഡോ. വി പി ദാഹർ മുഹമ്മദിനാണ് പുരസ്കാരം ലഭിച്ചത്.





വെച്ചൂച്ചിറ സാമൂഹിക ആരോഗ്യ കേന്ദ്രം

# ആധുനിക നിലവാരത്തിലേക്ക്



വെച്ചൂച്ചിറ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു.

പത്തനംതിട്ട : വെച്ചൂച്ചിറ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ആധുനിക നിലവാരത്തിൽ കെട്ടിട നിർമ്മാണത്തിന് 5.75 കോടിയുടെ പദ്ധതി തയ്യാറാകുന്നുവെന്ന് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. റാന്നി എം.എൽ.എയുടെ മണ്ഡല ആസ്തി വികസന ഫണ്ട് 95 ലക്ഷം രൂപ ചെലവഴിച്ച് വെച്ചൂച്ചിറ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിർമിക്കുന്ന കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ജില്ലയിൽ ആരോഗ്യ മേഖലയ്ക്ക് മികച്ച നേട്ടങ്ങൾ സാധ്യമായി. റാന്നി താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് അത്യാധുനിക സൗകര്യങ്ങളോടെയുള്ള കെട്ടിട നിർമാണം ആരംഭിച്ചു. ലക്ഷ്യ നിലവാരത്തിൽ മാതൃ ശിശു സംരക്ഷണവും സാധ്യമാകും. ശബരിമല ഉൾപെടുന്ന റാന്നി പെരുനാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ 2.5 കോടിയുടെ ആശുപത്രി കെട്ടിടം നിർമ്മാണം ഉടൻ ആരംഭിക്കും. ഇവിടെ കിടത്തി ചികിത്സയും സാധ്യമാക്കി. ആയിരൂരിൽ നഴ്സിംഗ് കോളജ് അനുവദിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. ജില്ലയിൽ സംയോജിത ചികിത്സ സൗകര്യങ്ങളുടെ അടിസ്ഥാന വികസനത്തിൽ ചരിത്രം സൃഷ്ടിച്ചുവെന്നും മന്ത്രി പറഞ്ഞു.

മഴക്കാലമായതിനാൽ ജല–ജന്യ രോഗ പ്രതിരോധം ശക്തമാക്കണമെന്നും മന്ത്രി കൂട്ടിചേർത്തു. റാന്നി എംഎൽഎ പ്രമോദ് നാരായണൻ അധ്യക്ഷനായി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതകുമാരി റിപ്പോർട്ട് അവതരിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാത്യു എന്നിവർ മുഖ്യാതിഥികളായി. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ വി വർക്കി, ജനപ്രതിനിധികൾ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ദേവ് കിരൺ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

ക്യാമ്പുകളിൽ

# പകർച്ചവ്യാധി പ്രതിരോധവും കോവിഡ് പ്രതിരോധവും വളരെ പ്രധാനം : മന്ത്രി വീണാ ജോർജ്

### ക്യാമ്പുകളിൽ മെഡിക്കൽ സംഘത്തിന്റെ സേവനം ഉറപ്പാക്കണം



**ജലദോഷം, തൊണ്ടവേദന, ചുമ, ശ്വാസതടസം തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ ക്യാമ്പുകളിൽ ഉണ്ടെങ്കിൽ നിർബന്ധമായും മാസ്ക് ധരിക്കണം**

തിരുവനന്തപുരം: ദുരിതാശ്വാസ ക്യാമ്പുകളിൽ പകർച്ചവ്യാധി പ്രതിരോധവും കോവിഡ് പ്രതിരോധവും വളരെ പ്രധാനമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മഴക്കാലമായതിനാൽ ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ തുടങ്ങിയവ പകരാതിരിക്കാൻ മുൻകരുതലുകളെടുക്കണം. സംസ്ഥാനത്ത് ചെറിയ തോതിൽ കോവിഡ് കേസുകൾ വർധിച്ചു വരുന്നതായാണ് കാണുന്നത്. ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ കണ്ടെത്തിയ ഒമിക്രോൺ ജെ.എൻ 1 വകഭേദമായ എൽ.എഫ് 7 ആണ് കേരളത്തിലുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വകഭേദത്തിന് തീവ്രത കുറവാണെങ്കിലും വ്യാപന ശേഷി ഉള്ളതിനാൽ എല്ലാവരും ശ്രദ്ധിക്കണം. കോവിഡിന് സ്വയം പ്രതിരോധം വളരെ പ്രധാനമാണ്. ക്യാമ്പുകളിൽ കോവിഡ് പകരാതിരിക്കാൻ അധികൃതർ മുൻകരുതലുകൾ സ്വീകരിക്കണമെന്നും മന്ത്രി നിർദേശം നൽകി.

കോവിഡിനെ പ്രതിരോധിക്കാൻ ഏറ്റവും നല്ല മാർഗം മാസ്ക് ധരിക്കുന്നതാണ്. ഇടയ്ക്ക് കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുന്നതും സാനിറ്റൈസർ ഉപയോഗിക്കുന്നതും വൈറസ് ബാധ ഒഴിവാക്കാൻ സഹായിക്കും. ജലദോഷം, തൊണ്ടവേദന, ചുമ, ശ്വാസതടസം തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ ക്യാമ്പുകളിൽ ഉണ്ടെങ്കിൽ നിർബന്ധമായും മാസ്ക് ധരിക്കണം. കോവിഡ് ബാധിച്ചാൽ ഗുരുതരമാകാൻ സാധ്യതയുള്ള വിഭാഗക്കാർ ഏറെ ശ്രദ്ധിക്കണം. പ്രായമായവരും, ഗർഭിണികളും, ഗുരുതര രോഗമുള്ളവരും മാസ്ക് ധരിക്കണം. എന്തെങ്കിലും രോഗ ലക്ഷണങ്ങൾ കാണുന്നുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ അറിയിക്കണം. ആർക്കെങ്കിലും കോവിഡ് കണ്ടെത്തിയാൽ പ്രോട്ടോകോൾ പ്രകാരം ചികിത്സ ഉറപ്പാക്കണം.

പ്രദേശത്തുള്ള ആശുപത്രിയിലെ മെഡിക്കൽ സംഘം ക്യാമ്പുകൾ സന്ദർശിച്ച് ആവശ്യമായവർക്ക് ചികിത്സ ലഭ്യമാക്കണം. മരുന്നുകളുടെ ലഭ്യത എല്ലായിടത്തും ഉറപ്പാക്കണം. സന്നദ്ധ പ്രവർത്തകരും ക്യാമ്പിലുള്ളവരും ഉൾപ്പെടെ മലിനജലവുമായി ബന്ധപ്പെടാൻ സാധ്യതയുള്ള എല്ലാവർക്കും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ നൽകേണ്ടതാണ്.

മഴ തുടരുന്നതിനാൽ മറ്റ് പകർച്ചവ്യാധികൾക്കും സാധ്യതയുണ്ട്. പകർച്ചവ്യാധിയുണ്ടാകാതിരിക്കാൻ ജാഗ്രത പാലിക്കേണ്ടതാണ്. ക്യാമ്പുകളുടെ പരിസരം കൊതുക് വളരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. മാലിന്യങ്ങൾ വലിച്ചെറിയരുത്. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവൂ. അവബോധം ശക്തിപ്പെടുത്തണം.

ക്യാമ്പുകളിൽ നിന്നും വീടുകളിലേക്ക് മടങ്ങുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വീടും പരിസരവും ശുചിയാക്കണം. കിണർ സൂപ്പർ ക്ലോറിനേറ്റ് ചെയ്തതിന് ശേഷം മാത്രമേ വെള്ളം ഉപയോഗിക്കാൻ പാടുള്ളൂ. പാമ്പ് കടിയേൽക്കാതിരിക്കാനും ഇലക്ട്രിക് ഉപകരണങ്ങളിൽ നിന്നും ഷോക്ക് ഏൽക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ദേശീയ ഗുണനിലവാര അംഗീകാരം

# മൂന്ന് ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി




**സംസ്ഥാനത്തെ 230 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്**

തിരുവനന്തപുരം: സംസ്ഥാനത്തെ 4 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിൽ 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് പുതുതായി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്) അംഗീകാരവും ഒരു ആരോഗ്യ സ്ഥാപനത്തിന് പുനഃഅംഗീകാരവുമാണ് ലഭിച്ചത്. ഇതോടെ സംസ്ഥാനത്തെ ആകെ 230 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചതായും മന്ത്രി വ്യക്തമാക്കി.

മലപ്പുറം നിറമരുതൂർ ജനകീയ ആരോഗ്യ കേന്ദ്രം, കോഴിക്കോട് നഗര കുടുംബാരോഗ്യ കേന്ദ്രം, പത്തനംതിട്ട നഗര കുടുംബാരോഗ്യ കേന്ദ്രം എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് പുതുതായി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. കണ്ണൂർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എൻ.ക്യു.എ.എസ്. പുനഃഅംഗീകാരവും, ലക്ഷ്യ പുനഃഅംഗീകാരവും നേടി.

ഇതോടെ സംസ്ഥാനത്തെ 7 ജില്ലാ ആശുപത്രികൾ, 5 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 46 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 152 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 9 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്. ആകെ 14 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലക്ഷ്യ അംഗീകാരവും 5 ആശുപത്രികൾക്ക് മുസ്കാൻ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

# റാലിയും പ്രദർശനവുമായി ഡെങ്കിപ്പനിദിനാചരണം




കോഴിക്കോട്: 'ഡെങ്കിപ്പനി പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കാം: ഉറവിടങ്ങൾ പരിശോധിക്കുക, വൃത്തിയാക്കുക, മൂടിവെക്കുക' എന്ന സന്ദേശത്തോടെ ദേശീയ ഡെങ്കിപ്പനി ദിന ജില്ലാതല ഉദ്ഘാടനം കോഴിക്കോട് കോട്ടൂരിൽ സംഘടിപ്പിച്ചു.

ദിനാചരണത്തോടനുബന്ധിച്ച് കോട്ടൂർ കുടുംബാരോഗ്യ കേന്ദ്രം മുതൽ റോയൽ അവന്യൂ ഓഡിറ്റോറിയം വരെ ബോധവത്ക്കരണ റാലി സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എച്ച് സുരേഷ് റാലി ഫ്ളാഗ് ഓഫ് ചെയ്തു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിലുള്ള കൊതുകുജന്യ രോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ പ്രദർശനവും സംഘടിപ്പിച്ചു. ഡെങ്കിപ്പനിയുടെ പ്രചരണാർത്ഥം ഒരു മൊബൈൽ പബ്ലിസിറ്റി വാനും ഒരുക്കിയിരുന്നു. ഉള്ള്യേരി ബ്ലോക്ക് സമൂഹികാരോഗ്യകേന്ദ്ര പരിധിയിലെ ആരോഗ്യ പ്രവർത്തകർ, ആശ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഹരിത കർമസനാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, വിദ്യാർത്ഥികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു

ഊർജ്ജിത ഉറവിട നശീകരണ ക്യാമ്പയിൻ

# കൊതുകിനെ തുരത്താൻ ഒറ്റക്കെട്ടായ്



കോഴിക്കാട്: ഊർജ്ജിത ഉറവിട നശീകരണ ക്യാമ്പയിന്റെ ഭാഗമായി, സിവിൽ സ്റ്റേഷനിലെ ഓഫീസുകളിലും പരിസരങ്ങളിലും ഈഡിസ് കൊതുകിന്റെ ഉറവിട നശീകരണ, ബോധവത്ക്കരണ യജ്ഞം സംഘടിപ്പിച്ചു. ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, ആരോഗ്യ കേരളം എന്നിവയുടെ ആഭിമുഖ്യത്തിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഫീൽഡ് വിഭാഗവും ചേർന്നാണ് ഓഫീസുകൾക്കകത്തും പരിസരങ്ങളിലും ഈഡിസ് കൊതുകൾ ഉൾപ്പെടെ പെരുകാനുള്ള സാഹചര്യങ്ങൾ കണ്ടെത്തി, ഉറവിട നശീകരണവും, അവബോധ പ്രവർത്തനങ്ങളും നടത്തിയത്. കളക്ടറേറ്റ് പരിസരത്ത് നടത്തിയ ചടങ്ങിൽ ജില്ലാ സർവൈലൻസ് ഓഫീസർ അഡീ. ഡി.എം.ഒ ഡോ. മനോജ് എ ടി ജീവനക്കാർക്ക് നിർദ്ദേശം നൽകി.

ഫീൽഡ് ജീവനക്കാർ വിവിധ സ്ക്വാഡുകളായി ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾക്ക് ഡെപ്യൂട്ടി ഡി.എം.ഒ ഡോ. ലതിക വി.ആർ, സീനിയർ ബയോളജിസ്റ്റ് എസ് സബിത, ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ റിയാസ് കെ പി, ഡെപ്യൂട്ടി ജില്ലാ എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ കൃഷ്ണദാസ് പി കെ, ടെക്നിക്കൽ അസിസ്റ്റൻറ് ഗ്രേഡ്–2 പ്രഭാകരൻ, തുടങ്ങിയവർ ഏകോപനം നൽകി.

പ്രത്യേകാവശ്യങ്ങൾക്കായി വെച്ചിരിക്കുന്നതോ, വലിച്ചെറിഞ്ഞിരിക്കുന്നതോ ആയ അനവധി തരം കണ്ടെയിനറുകളിൽ കെട്ടി നിൽക്കുന്ന ശുദ്ധജലത്തിലാണ് ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പെരുകുന്നത്. ആഴ്ചയിലൊരിക്കൽ ഇത്തരം പാത്രങ്ങളിലെ ജലം നീക്കി ഡ്രൈ ഡേ ആചരിച്ച് ഈഡിസിന്റെ ഉറവിട നശീകരണം നടത്തി ഡെങ്കിയെ പ്രതിരോധിക്കാവുന്നതാണ്.

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കൊതുകിന്റെ ഉറവിട നശീകരണത്തിനായി ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുന്ന പ്രവർത്തനങ്ങളിൽ (വെള്ളിയാഴ്ച വീടുകൾ, ശനി – സ്ഥാപനങ്ങൾ, ഞായർ – വീടുകൾ) റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങി എല്ലാവരുടെയും സജീവമായ പങ്കാളിത്തം ഉണ്ടാകണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അഭ്യർത്ഥിച്ചു.

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

സീനിയർ എഡിറ്റർ
**ഡോ. രാഹുൽ യു.ആർ**
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

**അംഗങ്ങൾ**
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

**ധാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്


**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

പുരുഷൻമാർക്കും കാൻസർ സ്ക്രീനിംഗ്

# ആഴ്ചയിൽ രണ്ട് ദിവസം പ്രത്യേക കാൻസർ സ്ക്രീനിംഗ് ക്ലിനിക്



തിരുവനന്തപുരം: കുടുംബാരോഗ്യ കേന്ദ്രത്തിൽ ആഴ്ചയിൽ രണ്ട് ദിവസം പ്രത്യേക കാൻസർ സ്ക്രീനിംഗ് ക്ലിനിക് പ്രവർത്തിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസർ പ്രതിരോധത്തിനും ബോധവൽകരണത്തിനും ചികിത്സയ്ക്കുമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന 'ആരോഗ്യം ആനന്ദം–അകറ്റാം അർബുദം' ജനകീയ കാൻസർ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്. പുരുഷൻമാർക്കും സ്ക്രീനിംഗ് സംവിധാനം ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും സ്ക്രീനിംഗിൽ പങ്കെടുത്ത് കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണം. അഥവാ രോഗസാധ്യത കണ്ടെത്തിയാൽ ആരംഭത്തിൽ തന്നെ ചികിത്സിച്ച് ഭേദമാക്കാവുന്നതാണ്. കാൻസർ രോഗത്തെ കുറിച്ചുള്ള ഭയവും ആശങ്കയും അകറ്റാനും കാൻസർ സാധ്യത സ്വയം കണ്ടെത്താനും ലക്ഷ്യമിട്ട് ശക്തമായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്താനും മന്ത്രി നിർദേശം നൽകി.

ലോക കാൻസർ ദിനമായ ഫെബ്രുവരി 4 ന് ആരംഭിച്ച ഈ ക്യാമ്പയിനിലൂടെ 15.5 ലക്ഷത്തോളം പേർക്ക് സ്ക്രീനിംഗ് നടത്തി. ഇവരിൽ ആവശ്യമായവർക്ക് തുടർ പരിശോധനയും ചികിത്സയും ഉറപ്പാക്കാൻ നിർദേശം നൽകി. ഈ ക്യാമ്പയിനിലൂടെ നിലവിൽ 242 പേർക്ക് കാൻസർ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷം പേരിലും പ്രാരംഭ ഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കും.

പുകവലി, മദ്യപാനം, അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ, വ്യായാമമില്ലായ്മ തുടങ്ങിയ ജീവിതശൈലീ മാറ്റങ്ങൾ പുരുഷന്മാരിലെ കാൻസർ സാധ്യത വർധിപ്പിക്കുന്നു.

പുകയില ഉത്പന്നങ്ങളുടെ ഉപയോഗം വായ, ശ്വാസകോശം, അന്നനാളം, ആമാശയം തുടങ്ങിയ ഭാഗങ്ങളിലെ കാൻസറിന് പ്രധാന കാരണമാണ്. അതുപോലെ മദ്യപാനം കരൾ, അന്നനാളം, വായ എന്നിവിടങ്ങളിലെ കാൻസറിന് സാധ്യത കൂട്ടുന്നു. ദിവസവും കുറഞ്ഞത് 30 മിനിറ്റെങ്കിലും വ്യായാമം ചെയ്യുക, ശരീരഭാരം നിയന്ത്രിക്കുക എന്നിവയും പ്രധാനമാണ്.

ശരീരത്തിൽ ഉണ്ടാകുന്ന അസാധാരണമായ മാറ്റങ്ങൾ അവഗണിക്കരുത്. അമിതമായി ഭാരം കുറയുക, വിട്ടുമാറാത്ത ചുമ അല്ലെങ്കിൽ ശബ്ദത്തിലെ മാറ്റം, മലബന്ധം, മൂത്രതടസം, ശരീരത്തിലെ മുഴകൾ തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ഡോക്ടറെ സമീപിക്കേണ്ടത് അത്യാവശ്യമാണ്. കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധനകൾ നടത്തുന്നത് രോഗം നേരത്തെ കണ്ടെത്താനും ചികിത്സിക്കാനും സഹായിക്കും. അതിനാൽ എല്ലാവരും സ്ക്രീനിംഗ് സൗകര്യമുള്ള തൊട്ടടുത്ത ആരോഗ്യ കേന്ദ്രങ്ങളിലെത്തി സ്ക്രീനിംഗിൽ പങ്കെടുക്കേണ്ടതാണ്.

സർക്കാർ ആശുപത്രികൾക്ക് പുറമേ സ്വകാര്യ ആശുപത്രി, സ്വകാര്യ ലാബുകൾ എന്നിവരും സഹകരിക്കുന്നുണ്ട്. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർപരിചരണവും ലഭ്യമാക്കുന്നതാണ്. ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

മല്ലപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിക്ക്

# 50.45 കോടിയുടെ പുതിയ കെട്ടിടം



പത്തനംതിട്ട: ആരോഗ്യമേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്ന് മല്ലപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 50.45 കോടി രൂപയുടെ പുതിയ കെട്ടിടം. ആരോഗ്യ മേഖലയിൽ സംസ്ഥാനത്തുടനീളം ചികിത്സയിലും അടിസ്ഥാന സൗകര്യവികസനത്തിലും വലിയ മാറ്റമുായതായി നിർമാണ ഉദ്ഘാടനം നിർവഹിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ 10,000 കോടി രൂപയുടെ വികസനം ആരോഗ്യ മേഖലയിലുണ്ടായി. സർക്കാർ ആശുപത്രിയിലൂടെ സാധാരണക്കാർക്ക് മികച്ച ചികിത്സ ലഭ്യമായി. മല്ലപ്പള്ളിയുടെ ദീർഘകാല സ്വപ്നസാക്ഷാത്കാരമാണ് സാധ്യമാകുന്നതെന്ന് മന്ത്രി പറഞ്ഞു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി അധ്യക്ഷനായി.

കിഫ്ബി സഹായത്തോടെ നിർമിക്കുന്ന കെട്ടിടത്തിന്റെ ചെലവ് 50.45 കോടി രൂപയാണ്. അടിത്തറ ഉൾപ്പെടെ ആറുനിലയുള്ള പുതിയ കെട്ടിടത്തിന്റെ നിർമാണചുമതല കെ.എസ്.ഇ.ബി സിവിൽ വിഭാഗത്തിനാണ്. തറനിരപ്പ് നിലയിൽ അത്യാഹിത വിഭാഗം, ഒന്നാം നിലയിൽ ഔട്ട് പേഷ്യന്റ് വിഭാഗം, മരുന്നുവിതരണകേന്ദ്രം, രണ്ടാം നിലയിൽ തീവ്രപരിചരണ വിഭാഗം, ലാബ്, മെഡിക്കൽ സൂപ്രണ്ടിന്റെ മുറി, മൂന്നാംനിലയിൽ ശസ്ത്രക്രിയാ മുറി, നാലാംനിലയിൽ ഡയാലിസിസ് ഹാൾ, ശസ്ത്രക്രിയയ്ക്കുശേഷം രോഗികളെ പ്രവേശിപ്പിക്കുന്ന തീവ്രപരിചരണ വിഭാഗം, അഞ്ചാം നിലയിൽ പുരുഷന്മാരുടെ വാർഡ് എന്നിവയാണുള്ളത്.

അഡ്വ. മാത്യു റ്റി തോമസ് എം.എൽ.എ, അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബാബു കൂടത്തിൽ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. വിദ്യാമോൾ, ജനപ്രതിനിധികൾ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിത കുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ദേവ് കിരൺ, ആരോഗ്യ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

മുടക്കരുത് – പ്രതിരോധ കുത്തിവെപ്പ്

# സംശയം വേണ്ട, പ്രസവം ആശുപത്രിയിൽ തന്നെ



മലപ്പുറം: വീടുകളിലെ പ്രവസവം തടയൽ, പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഊർജ്ജമേകി മലപ്പുറം ആരോഗ്യവകുപ്പ്. ഇതിന്റെ ഭാഗമായി മതനേതാക്കളുടെ യോഗം ജില്ലാ കലകടറുടെ അധ്യക്ഷതയിൽ നടത്തി. ആശുപത്രികളിലെ സുരക്ഷിതമായ പ്രസവത്തിന് പകരം വീടുകളിൽ പ്രസവം നടത്താൻ ഒരു മതവും പ്രോത്സാഹിപ്പിക്കുന്നില്ലെന്നും ഇക്കാര്യത്തിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ അകറ്റാനും ബോധവത്ക്കരണം ശക്തമാക്കാനും ജില്ലാ കളക്ടർ വിളിച്ചു ചേർത്ത മതനേതാക്കളുടെ യോഗത്തിൽ സമവായം. ആരോഗ്യമുള്ള ഭാവി തലമുറയ്ക്കായി ആശുപത്രികളിലെ പ്രസവം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലയിലെ ആരോഗ്യ വകുപ്പ് നടത്തുന്ന 'കുഞ്ഞോമന ജനിക്കേണ്ടത് ഏറ്റവും സുരക്ഷിത കരങ്ങളിൽ, പ്രസവം സുരക്ഷിതമാക്കാൻ ആശുപത്രി തന്നെ തിരഞ്ഞെടുക്കാം' എന്ന ക്യാമ്പയിന്റെ ഭാഗമായാണ് മതനേതാക്കളുടെ യോഗം വിളിച്ചത്.

ഒരു മതവും പ്രസവത്തിന് ആശുപത്രികളിൽ ചികിത്സ തേടുന്നതിനെ എതിർക്കുന്നില്ലെന്നും ചികിത്സയും ശരിയായ പരിചരണവും വേണമെന്ന് നിഷ്കർഷിക്കുകയാണ് ചെയ്യുന്നതെന്നും യോഗത്തിൽ പങ്കെടുത്ത വിവിധ മത നേതാക്കൾ അഭിപ്രായപ്പെട്ടു. ഒറ്റപ്പെട്ട സംഭവങ്ങൾക്ക് പിന്നിലുള്ളവർക്ക് മത സംഘടനകളുടെയോ മത തത്വങ്ങളുടെയോ പിൻബലമില്ല. ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുന്നത് തടയാൻ ശക്തമായ ബോധവത്ക്കരണം നടത്തണം. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെയും ജില്ലാഭരണകൂടത്തിന്റെയും ശ്രമങ്ങൾക്ക് എല്ലാ മതസംഘടനാ നേതാക്കളും പിന്തുണ ഉറപ്പ് നൽകി.

ആശുപത്രികളിലെ പ്രസവത്തെ സംബന്ധിച്ച് ആളുകളുടെ ഇടയിൽ എന്തെങ്കിലും ആശങ്കകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്നും ജില്ലാ കലക്ടർ പറഞ്ഞു. വനിതകളെയും പിന്നോക്ക വിഭാഗത്തിൽ പെട്ടവരെയും യുവജനങ്ങളെയും ബോധവത്ക്കരിക്കും. മതനേതാക്കൾ വഴിയും ബോധവൽക്കരണ പരിപാടികളും ആശുപത്രികളിലെ പ്രസവത്തെ പ്രോത്സാഹിപ്പിക്കുന്ന സന്ദേശങ്ങളും പ്രചരിപ്പിക്കും. ജനങ്ങളുടെ മനസ്സിലെ ആശങ്ക അകറ്റി ആശുപത്രികൾ ഗർഭിണി ശിശു സൗഹൃദമാക്കി മാറ്റും. ഭാവി തലമുറയെ കൂടി ബാധിക്കുന്ന സാമൂഹിക പ്രശ്നമായി തന്നെയാണ് ഗാർഹിക പ്രസവത്തെ കാണുന്നത്. ഇത് പ്രോത്സാഹിപ്പിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കും. ക്യാമ്പയിന്റെ ഭാഗമായി തുടർ യാഗങ്ങളും ചർച്ചകളും നടത്തും.

ആരോഗ്യസൂചികയിൽ ഉയർന്നു നിൽക്കുന്ന കേരളം ലോകത്തിനുതന്നെ മാതൃകയാണ്. 2024–25 വർഷത്തിൽ 192 ഗാർഹിക പ്രസവങ്ങളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ 24 ഇടങ്ങളിലായി ബോധവൽക്കരണ തെരുവു നാടകവും അവതരിപ്പിച്ചു. കൂടാതെ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ വീട്ടിൽ പ്രസവം നടക്കാൻ സാധ്യതയുള്ള വീടുകൾ സന്ദർശിക്കുകയും ബോധൽക്കരണം നടത്തുകയും ചെയ്തു.



# ലോകാരോഗ്യസംഘടനയുടെ അംഗീകാരം നേടി ബന്ധു ക്ലിനിക്ക്



എറണാകുളം : അതിഥിത്തൊഴിലാളികൾക്ക് ആരോഗ്യപരിരക്ഷ ഉറപ്പാക്കി സഞ്ചരിക്കുന്ന ചികിത്സാസംവിധാനമായ ബന്ധു ക്ലിനിക്കിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം. അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്ന 140 ആഗോള സ്ഥാപനങ്ങളിലൊന്നായാണ് ബന്ധു ക്ലിനിക്കിനെ തെരഞ്ഞെടുത്തത്. ഇന്ത്യയിൽ നിന്ന് രണ്ടു ക്ലിനിക്കുകൾ മാത്രമാണ് ഈ പട്ടികയിൽ ഇടം പിടിച്ചത്.

അതിഥി ദേവോ ഭവ എന്ന പേരിൽ 2018ൽ ജില്ലാ ഭരണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ അതിഥിത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും സുരക്ഷയും സഹായവും ഒരുക്കുന്നതിന്തുടക്കമിട്ടിരുന്നു. ആരോഗ്യം, തൊഴിൽ, പൊലീസ് നിയമസഹായം, സാമൂഹ്യനീതി തുടങ്ങി എല്ലാ മേഖലയിലും സഹായം ഒരുക്കുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി 2020ലാണ് മികച്ച ചികിത്സയും മരുന്നും ഉറപ്പാക്കാൻ ബന്ധു ക്ലിനിക്കിന് തുടക്കംകുറിച്ചത്

ദേശീയ ആരോഗ്യദൗത്യമാണ് സാങ്കേതിക സഹായം നൽകുന്നത്. സെന്റർ ഫോർ മൈഗ്രേഷൻ ആന്റ് ഇൻക്ലൂസിവ് ഡെവലപ്മെന്റാണ് നിർവഹണ ഏജൻസി. അതിഥി തൊഴിലാളികളുടെ താമസയിടങ്ങളെ അടിസ്ഥാനമാക്കിയാണ് ക്ലിനിക്കിന്റെ പ്രവർത്തനം നടക്കുന്നത്. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർക്ക് അവരുടെ താമസസ്ഥലത്തിനടുത്തോ തൊഴിലിടത്തിനടുത്തോ സേവനം ലഭ്യമാക്കുന്ന വിധത്തിലാണ് ക്ലിനിക്ക് പ്രവർത്തിക്കുന്നത്.

ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൈഗ്രന്റ് ലിങ്ക് വർക്കർമാരുടെയും ആശ പ്രവർത്തകരുടെയും സഹകരണവും ഈ പദ്ധതിയിലുണ്ട്.

# പാട്ടും പാടി ആരോഗ്യത്തിലേക്ക്



കോഴിക്കോട് : കോർപ്പറേഷൻ കീഴിൽ തുടങ്ങിയ ഹെൽത്ത് ആൻഡ് വെൽനസ് സെൻററുകൾ വ്യത്യസ്ത സേവനങ്ങൾ നൽകി ശ്രദ്ധേയമാകുകയാണ്. വെസ്റ്റ് ഹിൽ ഹെൽത്ത് ആൻഡ് വെൽനസ് സെൻററിൽ സായന്തന സംഗീത സദസ്സും കോട്ടൂളി ഹെൽത്ത് സെൻററിൽ വ്യായാമത്തിനായി ഓപ്പൺ ജിംനേഷ്യവുമാണ് ഇതിനോടകം ആരംഭിച്ചിട്ടുള്ളത്

വയോജനങ്ങൾക്ക് പാടാനും ഒത്തു കൂടാനുമുള്ള പൊതു ഇടങ്ങൾ നഗരത്തിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സായന്തന സംഗീത സദസ്സുകൾ തുടങ്ങുന്നത് ഒന്നര വർഷമായി പ്രവർത്തിക്കുന്ന വയോജന പാട്ടുകൂട്ടം മാസത്തിൽ ഒരു ദിവസം ഒത്തുകൂടുന്നു ഇതിനുപുറമേ വയോ കെയർ എന്ന പേരിൽ ആരോഗ്യം പരിശോധനയും ഉറപ്പാക്കുന്നു. മുത്തശ്ശിക്കഥകൾക്കായി വേദിയൊരുക്കാനും ആലോചനയുണ്ട് പൊതു ഇടങ്ങളിൽ എല്ലാവർക്കും ആസ്വദിക്കാൻ പറ്റുന്ന രീതിയിൽ കലാപ്രകടനങ്ങൾക്ക് വേദിയൊരുക്കലും മാനസികോല്ലാസവും ലക്ഷ്യമിടുന്നു.

ആരോഗ്യ സംരക്ഷണത്തിൽ വ്യായാമത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞാണ് കോർപ്പറേഷൻ ഹെൽത്ത് സെന്ററുകളിലും അതിനോടനുബന്ധിച്ചും ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നത്. ഇതിനോടകം കോട്ടൂളി ഹെൽത്ത് ആൻഡ് വെൽനസ് സെൻററിൽ ഓപ്പൺ ജിംനേഷ്യം ആരംഭിച്ചു കഴിഞ്ഞു. ഇത് കൂടുതൽ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളിലേക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കുകയാണ് കോർപ്പറേഷൻ. ജില്ലയിൽ 39 ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ ആണുള്ളത്. കോർപറേഷൻ പരിധിയിൽ 21 ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ ആണ് പ്രവർത്തിക്കുന്നത്.

# ഡെങ്കിപ്പനിക്ക് എതിരെ ജാഗ്രത



കോട്ടയം: ദേശിയ ഡെങ്കു ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കോട്ടയം ജില്ലയിൽ വിവിധ പരിപാടികളോടെ കൊണ്ടാടി. ജില്ലാതല വിളംബര ജാഥ ചിങ്ങവനം ദയറാ പള്ളി മൈതാനത്തു നിന്ന് ആരംഭിച്ച് ശാലോം ക്നാനായ ചർച്ച് ഹാളിൽ അവസാനിച്ചു. തുടർന്ന് നടന്ന പൊതു സമ്മേളനം കോട്ടയം എം.എൽ.എ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മഴക്കാല പൂർവ്വ ശുചീകരണം എല്ലാ വീടുകളിലും ആരംഭിക്കണം എന്ന് എം.എൽ.എ അറിയിച്ചു. പള്ളം ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് പ്രൊഫ. ടോമിൻ ജോസഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കോട്ടയം നഗരസഭ അധ്യക്ഷ ശ്രീമതി ബിൻസി സെബാസ്റ്റ്യൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലയിലെ പകർച്ച വ്യാധി പ്രതിരോധ ക്യാമ്പയിൻ ആയ 'പ്രഥമം പ്രതിരോധം 4 .0' തുടക്കം കുറിച്ചതായി ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജെസ്സി സെബാസ്റ്റ്യൻ അറിയിച്ചു. ശുചീകരണം മുഖ്യമായി ഓരോരുത്തരും ഏറ്റെടുക്കണമെന്ന് ഉദ്ഘോഷിച്ചുകൊണ്ടാണ് ദിനാചരണം ആചരിച്ചത്. ജില്ലാ പഞ്ചായത് അംഗം വൈശാഖ്, ജില്ലാ മാസ്സ് മീഡിയ വിഭാഗം ഓഫീസർ ബിജു, ജില്ലാ മലേറിയ ഓഫീസർ ഗോപകുമാർ എന്നിവർ പ്രസംഗിച്ചു. കുടുംബാരോഗ്യകേന്ദ്രം പനച്ചിക്കാട്, ആരോഗ്യകേരളം, ആരോഗ്യവകുപ്പ്, എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ തിരുഹൃദയ സ്കൂൾ ഓഫ് നഴ്സിംഗ്, സ്കോൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ പുതുപ്പള്ളി എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും പങ്കെടുത്തു.

**കോട്ടയം മെഡിക്കൽ കോളേജിൽ**

# വയറിലെ അകഭിത്തിയിൽ പടരുന്ന തരം കാൻസറിന് നൂതന ശസ്ത്രക്രിയ

കോട്ടയം



സൈറ്റോ റിഡക്ഷൻ ഹൈപെക് (Cyto reduction HIPEC - Hyperthermic intraperitoneal chemotherapy) രീതി മെഡിക്കൽ കോളേജിൽ പുതിയതായി ആരംഭിച്ചു. വയറിനുള്ളിലെ ഭിത്തിയിലെ കാൻസർ മുഴുവനായി നീക്കം ചെയ്ത ശേഷം പ്രത്യേക മെഷീൻ ഉപയോഗിച്ച് വയറ്റിനുള്ളിൽ ഉയർന്ന ഊഷ്മാവിൽ കീമോതെറാപ്പി ചെയ്യുന്നതാണ് ഈ രീതി. സർജറിയ്ക്ക് ശേഷം സുഖം പ്രാപിച്ച രോഗി ഡിസ്ചാർജ് ആയി. നൂതന ചികിത്സ നടപ്പിലാക്കിയ കോട്ടയം മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കോട്ടയത്ത് നിന്നും അണ്ഡാശയ കാൻസറുമായി എത്തിയ 53 വയസുകാരിയ്ക്കാണ് ഈ ചികിത്സ നൽകിയത്. എംസിസി, ആർസിസി, കോഴിക്കോട് മെഡിക്കൽ കോളേജ്, വലിയ സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ മാത്രമുള്ള ഈ ചികിത്സയാണ് ഇപ്പോൾ മെഡിക്കൽ കോളേജിലും ലഭ്യമാക്കിയത്.

സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ ഗൈനക് ഓങ്കോളജിസ്റ്റായ ഡോ. അനുവിന്റെ നേതൃത്വത്തിലായിരുന്നു ചികിത്സ. ഡോ. സോജൻ, ഡോ. അനിൽ എന്നിവരുടെ അനസ്തേഷ്യ ടീം, ഡോ. മുരളി ഡോ. മാത്യു, ഡോ. വിവേക്, ഡോ. സുരേഷ് കുമാർ, ഡോ. ബിനീത, ഡോ. ഫ്ളവർലിറ്റ് എന്നിവർ റേഡിയേഷൻ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി വിഭാഗത്തിൽ നിന്നും പങ്കാളികളായി. സുഷമയുടെ നേതൃതത്തിലുള്ള നഴ്സുമാർ, അനസ്തീഷ്യ ടെക്നിഷ്യൻമാർ ശ്രീക്കുട്ടി, സുമി, ചൈത്ര എന്നിവർ സഹായികളായി.

# ഹാഫ് ബെർത്ഡേ വെൽനെസ് ക്ലിനിക്




ഇടുക്കി: ജില്ലയുടെ ചിരകാലസ്വപ്നമായ മെഡിക്കൽ കോളേജിന്റെ വളർച്ചയുടെ പടവുകളിൽ പുതിയ അദ്ധ്യായം കൂട്ടി ചേർത്തുകൊണ്ട് 'Half Birthday Wellness Clinic' പ്രവർത്തനം ആരംഭിച്ചു. കുട്ടികൾക്കായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന ഈ പദ്ധതിയിൽ ആദ്യ വയസുകളിൽ ശരിയായ ആരോഗ്യ നിരീക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി മാതാപിതാക്കളെയും സമൂഹത്തേയും ബോധവത്ക്കരിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഒരു കുട്ടിയുടെ ആദ്യ ആറുമാസങ്ങൾ അതീവ പ്രാധാന്യം അർഹിക്കുന്ന സമയമാണ്. അതിന്റെ തുടർച്ചയായി ആരോഗ്യപരിശോധനകൾ, വളർച്ച, നിരീക്ഷണം, പോഷണ പരിശീലനങ്ങൾ, പ്രതിരോധ കുത്തിവയ്പ്പുകളെ കുറിച്ചുള്ള അറിവുകൾ എന്നിവ പ്രദാനം ചെയ്യുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം ജില്ലാ കളക്ടർ വി വിഗ്നേശ്വരി ഇടുക്കി മെഡിക്കൽ കോളേജിൽ നിർവ്വഹിച്ചു. ജില്ലാ ആശുപത്രി സൂപ്രണ്ട്, മെഡിക്കൽകോളേജ് പ്രിൻസിപ്പാൾ, ആർ.എം.ഓ ഉൾപ്പെടെ ആരോഗ്യ വകുപ്പിലേയും ആരോഗ്യകേരളത്തിലെയും ഉദ്യോഗസ്ഥരും പൊതുജനങ്ങളും പദ്ധതിയിൽ പങ്കാളികളായി. ഈ പദ്ധതി എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ച്ച പീഡിയാട്രിക് വിഭാഗത്തിന് സമീപം സജ്ജീകരിച്ചിരിക്കുന്ന ക്ലിനിക്കിൽ ലഭ്യമാണ്. ഇത്തരത്തിൽ വിവിധങ്ങളായ നൂതന പദ്ധതികളുമായി ഇടുക്കി മെഡിക്കൽ കോളേജ് കൂടുതൽ ജനകീയമാക്കുന്നതിലുള്ള പ്രയാണത്തിലാണ്.

# മാങ്ങാട്ടുപറമ്പ് ആശുപത്രിക്ക് ക്വാളിറ്റി പരീക്ഷയിൽ വിജയം




കണ്ണൂർ: മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ ദേശീയ ഗുണനിലവാര അംഗീകാരമായ നാഷണണൽ ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കേഷൻ (എൻ.ക്യു.എ.എസ്)അംഗീകാരം.

എൻ.ക്യു.എ.എസ് ലക്ഷ്യ എന്നീ മാനദണ്ഡങ്ങളിൽ പുനഃ അംഗീകാരമാണ് ലഭിച്ചത്. മെറ്റേണിറ്റി ഒ.ടി, ലേബർ റൂം, ഉൾപ്പടെ 14 ഡിപ്പാർട്ട്മെന്റുകൾക്ക് യഥാക്രമം 96, 95.4, 94.9 ശതമാനം മാർക്കാണ് ലഭിച്ചത്.

ഇതോടെ ജില്ലയിൽ എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ച സ്ഥാപനങ്ങളുടെ എണ്ണം 28 ആയി. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ച ജില്ല കണ്ണൂരാണ്.

മാർച്ച് 27, 28, 29 തീയതികളിൽ ആയിരുന്നു പരിശോധന നടന്നത്. മൂന്ന് വർഷത്തേക്കാണ് ഇപ്പോൾ അംഗീകാരം ലഭിച്ചിരിക്കുന്നത്. ഓരോ ബെഡ്ഡിനും പതിനായിരം രൂപ വീതമാണ് ഓരോ വർഷവും ലഭിക്കുക. അടുത്ത മൂന്ന് വർഷത്തിലും ഈ തുക ലഭിക്കും. മൂന്നു വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുനഃപരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും.

മെറ്റേണിറ്റി ഒ.ടി, ലേബർ റൂം, ഉൾപ്പടെ 14 ഡിപ്പാർട്ട്മെന്റുകളിലായി രോഗികൾക്കുള്ള മികച്ച സേവനങ്ങൾ, ഭൗതിക സാഹചര്യം, ജീവനക്കാരുടെ കാര്യക്ഷമത, മരുന്നുകളുടെ ലഭ്യതയും വിതരണവും, ക്ലിനിക്കൽ സേവനങ്ങൾ, രോഗീസൗഹൃദം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, മാതൃ ശിശു ആരോഗ്യം, ജീവിതശൈലി രോഗ നിയന്ത്രണം, പ്രതിരോധ കുത്തിവെപ്പ് സേവനങ്ങൾ തുടങ്ങിയ വിഭാഗങ്ങളെ അടിസ്ഥാനമാക്കി 5600 ലധികം പോയിന്റുകൾ വിലയിരുത്തിയാണ് ദേശീയ ഗുണമേന്മ അംഗീകാരം നൽകുന്നത്.

# ലക്ഷ്യ: ലേബർ റൂമും ഓപ്പറേഷൻ തീയേറ്ററും ഉദ്ഘാടനം ചെയ്തു






എറണാകുളം: മുവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ലക്ഷ്യ സ്റ്റാഡേർഡ്സിൽ നിർമിച്ച ലേബർ റൂമിന്റെയും ഓപ്പറേഷൻ തീയേറ്ററിന്റെയും ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ദേശീയ ആരോഗ്യ ദൗത്യം ഫണ്ടായ 3.07 കോടി രൂപ ചെലവഴിച്ചാണ് നിർമാണ പ്രവൃത്തികൾ പൂർത്തിയാക്കിയത്.

മാത്യു കുഴൽനാടൻ എം.എൽ.എ അദ്ധ്യക്ഷനായി. നഗരസഭാ ചെയർമാൻ പി പി എൽദോസ്, ആരോഗ്യകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ പി വി അബ്ദുൽ സലാം, ആശുപത്രി സൂപ്രണ്ട് ഡോ. അനിത ബാബു തുടങ്ങിയവർ പങ്കെടുത്തു.

എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിലെ ജനങ്ങളുടെ ആരോഗ്യ സേവനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യം ഉറപ്പുവരുത്തുന്നതിന് ഈ വികസനപ്രവർത്തനങ്ങളിലൂടെ സാധ്യമാകും. ലേബർ റൂമിനും ഓപ്പറേഷൻ തീയേറ്ററിനും ആവശ്യമായ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി മുനിസിപാലിറ്റി 52.26 ലക്ഷം രൂപയും ദേശീയ ആരോഗ്യദൗത്യം 16 ലക്ഷം രൂപയും അധികമായി അനുവദിച്ചു.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് സ്ഥാപിച്ച 360 ഡിഗ്രി മെറ്റബോളിക് ഡിസീസ് മാനേജ്മെന്റ് സെന്ററിന്റെയും എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമിച്ച ഒ പി അനക്സ് ബ്ലോക്കിന്റെയും ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

**അയ്യപ്പഭക്തർക്ക് ആരോഗ്യ സേവനങ്ങൾ**

# നിലയ്ക്കലിൽ അത്യാധുനിക സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ




തിരുവനന്തപുരം: പത്തനംതിട്ട നിലയ്ക്കലിൽ അത്യാധുനിക സംവിധാനങ്ങളുള്ള സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നാട്ടുകാർക്കും ശബരിമല തീർത്ഥാടകർക്കും പ്രയോജനം ലഭിക്കുന്ന രീതിയിലാണ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ വിഭാവനം ചെയ്തിരിക്കുന്നത്. നിലയ്ക്കലിൽ ദേവസ്വം ബോർഡ് അനുവദിച്ച ഭൂമിയിലാണ് ആശുപത്രി നിർമ്മിക്കുന്നത്. 9 കോടി രൂപയോളം ചെലവഴിച്ചാണ് സ്പെഷ്യാലിറ്റി ആശുപത്രി സജ്ജമാക്കുന്നത്. അധിക ഫണ്ട് ആവശ്യമെങ്കിൽ അനുവദിക്കാൻ കഴിഞ്ഞ ദിവസം നടന്ന യോഗത്തിൽ മുഖ്യമന്ത്രി നിർദേശം നൽകിയിരുന്നു. മോഡേൺ മെഡിസിനോടൊപ്പം ആയുഷിനും പ്രാധാന്യം നൽകും. തീർത്ഥാടനകാലത്ത് വിപുലമായ സ്പെഷ്യാലിറ്റി സേവനങ്ങളൊരുക്കും. നടപടിക്രമങ്ങൾ പാലിച്ച് എത്രയും വേഗം നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

3 നിലകളിൽ അത്യാധുനിക സംവിധാനങ്ങളോടെയുള്ള സ്പെഷ്യാലിറ്റി ആശുപത്രിയാണ് സജ്ജമാക്കുക. ഒന്നാം നിലയിൽ 12 കിടക്കകളുള്ള കാഷ്വാലിറ്റി സംവിധാനം, ഒ.പി വിഭാഗങ്ങൾ, 7 കിടക്കകളുള്ള ഒബ്സർവേഷൻ വാർഡ്, റിസപ്ഷൻ, ലാബ്, സാമ്പിൾ കളക്ഷൻ സെന്റർ, നഴ്സസ് സ്റ്റേഷൻ, ഇൻജക്ഷൻ റൂം, ഇ.സി.ജി റൂം, ഡ്രെസിംഗ് റൂം, പ്ലാസ്റ്റർ റൂം, ഫാർമസി, സ്റ്റോർ, പോലീസ് ഹെൽപ് ഡെസ്ക്, ലിഫ്റ്റുകൾ, അറ്റാച്ച്ഡ് ശുചിമുറികൾ എന്നീ സൗകര്യങ്ങളാണ് ഉണ്ടാകുക.

രണ്ടാം നിലയിൽ 8 കിടക്കകളുള്ള ഐസിയു, നഴ്സസ് സ്റ്റേഷൻ, എല്ലാവിധ സൗകര്യങ്ങളുള്ള മൈനർ ഓപ്പറേഷൻ തീയറ്റർ, എക്സ്റേ റൂം, 13 കിടക്കകളുള്ള വാർഡ്, ഡോക്ടർമാരുടേയും നഴ്സുമാരുടേയും മുറികൾ, കോൺഫറൻസ് ഹാൾ, ഓഫീസ്, ശുചിമുറികൾ എന്നിവയാണ് ഒരുക്കുന്നത്. മൂന്നാം നിലയിൽ 50 കിടക്കകളുള്ള ഡോർമിറ്ററി സംവിധാനമാണൊരുക്കുക.

നിലയ്ക്കലിൽ സ്പെഷ്യാലിറ്റി ആശുപത്രി വരുന്നത് നാട്ടുകാർക്കും ശബരിമല തീർത്ഥാടകർക്കും ഒരുപോലെ പ്രയോജനകരമാകും. ശബരിമല തീർത്ഥാടനത്തിലെ പ്രധാന കേന്ദ്രമായ നിലയ്ക്കലിൽ സ്പെഷ്യാലിറ്റി ആശുപത്രിയെന്ന ദീർഘകാല സ്വപ്നമാണ് സാക്ഷാത്ക്കരിക്കുന്നത്.

**തുണയായത് നഴ്സ്**

# ഓടുന്ന ആംബുലൻസിൽ പ്രസവം



വിഴിഞ്ഞം: ഓടുന്ന ആംബുലൻസിൽ ടോർച്ച് വെളിച്ചത്തിൽ പ്രസവം. പരിമിത സൗകര്യത്തിൽ അമ്മയുടെയും കുഞ്ഞിന്റെയും ജീവനെ കാത്തത് വിഴിഞ്ഞം സാമൂഹികാരോഗ്യകേന്ദ്രത്തിലെ നഴ്സ്. കഴിഞ്ഞ ദിവസം രാത്രിയിലെ സംഭവത്തിൽ ആഴാകുളം തൊഴിച്ചൽ തുറവൻകോണം സ്വദേശിനി നാദിയ (28) ആണ് ആൺ കുഞ്ഞിനു ജന്മമേകിയത്. വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നഴ്സിങ് ഓഫീസർ കല്ലിയൂർ സ്വദേശിനി ജി.എം. ജീധ ആണ് സമയോചിത പരിചരണത്തിലൂടെ 2 ജീവനുകളെയും കാത്തത്.


സാമൂഹികാരോഗ്യകേന്ദ്രത്തിൽ രാത്രി എത്തിയ യുവതിയെ പ്രസവ വാർഡ് സൗകര്യങ്ങളില്ലാത്തതിനാൽ നഗരത്തിലെ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയായിരുന്നു. മറ്റൊരു സേവനത്തിലായതിനാൽ 108 ആംബുലൻസ് സഹായം കിട്ടിയില്ല. തുടർന്ന് സ്വകാര്യ ആംബുലൻസിലേക്ക് യുവതിയെ മാറ്റി. അതീവ ഗുരുതരാവസ്ഥയിലുള്ള യുവതിയെ ഒറ്റയ്ക്കയയ്ക്കാൻ ജീധയുടെ മനസ്സ് അനുവദിച്ചില്ല. വാഴമുട്ടത്തെത്തിയപ്പോഴേക്കും പ്രസവം നടന്നു. വാഹനത്തിനുള്ളിൽ ആവശ്യത്തിന് വെളിച്ചമില്ലാത്തതിനാൽ യുവതിയുടെ ബന്ധു മൊബൈൽ ടോർച്ച് തെളിച്ച് നൽകുകയായിരുന്നു. അമ്പലത്തറയിലെ സ്വകാര്യ ആശുപ്രതിയിൽ ഇവരെ എത്തിച്ചതോടെയാണ് ആശ്വാസമായത്.




**മേയ് 31 ലോക പുകയില വിരുദ്ധ ദിനം**

# വായിലെ കാൻസർ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കണം: മന്ത്രി വീണാ ജോർജ്

## ആരോഗ്യം ആനന്ദം: വദനാർബുദം കണ്ടെത്താൻ സ്ക്രീനിംഗ്



തിരുവനന്തപുരം: മറ്റ് കാൻസറുകളെ പോലെ വായിലെ കാൻസറും (വദനാർബുദം) നേരത്തെ കണ്ടെത്തി ചികിത്സിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പ് നടത്തിയ 'ആർദ്രം ആരോഗ്യം' ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 1.55 കോടി വ്യക്തികളുടേയും രണ്ടാം ഘട്ടത്തിൽ 1.28 കോടി വ്യക്തികളുടേയും സ്ക്രീനിംഗ് നടത്തിയിരുന്നു. ആകെ 9,13,484 പേർക്ക് കാൻസർ സംശയിച്ചു. അതിൽ ഏറ്റവും കൂടുതൽ സ്തനാർബുദവും, ഗർഭാശയ ഗളാർബുദവുമാണ് കണ്ടെത്തിയത്. സ്ക്രീനിംഗിൽ 41,660 പേർക്കാണ് വദനാർബുദ സാധ്യത കണ്ടെത്തിയത്. ഇത് കൂടി മുന്നിൽ കണ്ടാണ് ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചത്. ആദ്യഘട്ടത്തിൽ സ്ത്രീകൾക്കായിരുന്നു പ്രാധാന്യം നൽകിയത്. രണ്ടാം ഘട്ടത്തിൽ വദനാർബുദം ഉൾപ്പെടെ പുരുഷൻമാരെ കൂടി ബാധിക്കുന്ന കാൻസറുകൾക്കാണ് പ്രാധാന്യം നൽകുന്നത്. എല്ലാവരും തൊട്ടടുത്ത ആരോഗ്യ കേന്ദ്രത്തിലെത്തി കാൻസർ സ്ക്രീനിംഗ് നടത്തണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

മേയ് 31 ലോക പുകയില വിരുദ്ധ ദിനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് വദനാർബുദം പ്രതിരോധിക്കാൻ ശക്തമായ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ആർദ്രം ആരോഗ്യം ജീവിതശൈലീ രോഗനിർണയ ക്യാമ്പയിനിൽ രോഗ സാധ്യത കണ്ടെത്തിയവരുടെ വീടുകൾ ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് വദനാർബുദ സ്ക്രീനിഗ് നടത്താൻ വാർഡ് തലത്തിൽ നടപടികൾ സ്വീകരിക്കും. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രധാന ആശുപത്രികൾ എന്നിവിടങ്ങളിൽ വദനാർബുദ സ്ക്രീനിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കാൻസർ ലക്ഷണങ്ങൾ, കാൻസർ മുന്നോടിയായുള്ള ലക്ഷണങ്ങൾ എന്നിവ കണ്ടെത്തുന്നവരെ വിദഗ്ധ പരിശോധനകൾക്ക് വിധേയരാക്കി ചികിത്സ ഉറപ്പാക്കും.

ലഹരിയുടെ വ്യാപനം ഒരു ഗുരുതരമായ ആഗോള പ്രശ്നമായി മാറിയിരിക്കുന്നു. എല്ലാത്തരം ലഹരിയിലേക്കുമുള്ള പ്രവേശന കവാടമാണ് പുകയില. കൗമാരക്കാലത്ത് ആരംഭിക്കുന്ന പുകയില ശീലമാണ് പലപ്പോഴും ഭാവിയിൽ മറ്റു ലഹരികളിലേക്ക് വ്യാപിക്കുന്നത്. അതിനാൽ തന്നെ മയക്കുമരുന്നിനോളം ഗുരുതരമായ ആരോഗ്യ, സാമൂഹ്യ പ്രശ്നമായാണ് പുകയിലയെ വിലയിരുത്തുന്നത്.

പുകയിലയ്ക്കെതിരെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. മേയ് 31 മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും പൊതുവായ ബോധവത്കരണം ശക്തമാക്കും. അതിനോടൊപ്പം പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നവർ തൊഴിലിനിടയിൽ പുകയില പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന രീതികൾക്കെതിരെയും ബോധവത്കരണം നടത്തും. സംസ്ഥാനത്തെ വിദ്യാലയങ്ങളെ പുകയിലരഹിതമാക്കുക എന്ന ലക്ഷ്യമിട്ട്. 'പുകയിലരഹിതം ലഹരിമുക്തം എന്റെ വിദ്യാലയം' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് വിദ്യാലയങ്ങളുമായി ചേർന്ന് നടപടികൾ ഏകോപിപ്പിക്കും. പുകയിലരഹിത വിദ്യാലയ മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും പുകയിലരഹിതമായി പ്രഖ്യാപിക്കുകയാണ് ലക്ഷ്യമിടുന്നത്.

ജില്ലാ, താലൂക്ക് ആശുപത്രികളിൽ പുകയില ഉപഭോഗം നിർത്താൻ പ്രേരിപ്പിക്കുന്ന കൗൺസിലിംഗ് സെഷനുകൾ ശക്തമാക്കും. ക്ഷയരോഗ നിവാരണ പദ്ധതി, വിമുക്തി, മാനസിക ആരോഗ്യ പദ്ധതി എന്നിവയുടെക്കൂടി സഹകരണത്തോടെ ഇപ്പോൾ ജില്ലകളിലുള്ള ഒരു ടുബാക്കോ സെസ്സെഷൻ ക്ലിനിക്ക് സംവിധാനം എല്ലാ താലൂക്കുകളിലും വ്യാപിപ്പിക്കും.

# 450 ഫാർമസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു, 5 ലൈസൻസ് റദ്ദാക്കി



തിരുവനന്തപുരം: ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കാർസാപ്പിന്റെ (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) ഭാഗമായി സംസ്ഥാനം ശക്തമായ നടപടികൾ സ്വീകരിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശം ഏതാണ്ട് പൂർണമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി 450 ഫാർമസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും 5 എണ്ണം ക്യാൻസൽ ചെയ്യുകയും ചെയ്തു. ശക്തമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവുണ്ടായി എന്നുമാത്രമല്ല ഉപയോഗിക്കപ്പെടുന്നത് തന്നെ താരതമ്യേന ഭീഷണി കുറഞ്ഞ ആന്റിബയോട്ടിക്കുകളാണ് എന്ന് ഉറപ്പാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

മന്ത്രിയുടെ നേതൃത്വത്തിൽ എ.എം.ആർ ഉന്നതതലയോഗം ചേർന്നു. പാല്, ഇറച്ചി, മീൻ എന്നിവയിൽ ആന്റിബയോട്ടിക് അവശിഷ്ടം കണ്ടെത്തുന്നതിന് പരിശോധനകൾ ശക്തമാക്കാൻ യോഗം നിർദേശം നൽകി. കാലിത്തീറ്റകളിലേയും കോഴിത്തീറ്റകളിലേയും ആന്റിബയോട്ടിക്കുകളുടെ അളവ് കുറയ്ക്കാൻ സമഗ്രമായ നടപടി സ്വീകരിക്കാനും നിർദേശം നൽകി. കേരളത്തിലെ എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുന്നതിന്റെ ഭാഗമായി ഒരു കളർ കോഡിംഗ് കൊണ്ടുവരാനും തീരുമാനമായി. 3 മാസത്തിനുള്ളിൽ എല്ലാ ആശുപത്രികളും ഇത് നടപ്പിലാക്കണം.

ഇനിമുതൽ നിർബന്ധമായും ആന്റീബയോട്ടിക്കുകൾ തിരിച്ചറിയാനായി നീലക്കവറിൽ മാത്രമേ നൽകാൻ പാടുള്ളൂ. എല്ലാ ആശുപത്രികളും മെഡിക്കൽ സ്റ്റോറുകളും ഫാർമസികളും ഇത് നടപ്പിലാക്കണം. മുഖ്യമന്ത്രിയുടെ സയന്റിഫിക് അഡ്വൈസർ ഡോ. എം.സി. ദത്തൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മറ്റ് വകുപ്പ് മേധാവികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



## ലോക പുകയില വിരുദ്ധ ദിനം

# ലഹരിക്കെതിരെ സ്വരമുയർത്താം...

ഡോ.മനു എം.എസ്
(പബ്ലിക്ക് ഹെൽത്ത് സ്പെഷ്യലിസ്റ്റ് എൻ.സി.ഡി)




ഐക്യരാഷ്ട്രസംഘടന ലോകത്തിന്റെ സുസ്ഥിര വികസന ലക്ഷ്യത്തിനായി നിശ്ചയിച്ചിരിക്കുന്ന സൂചകങ്ങളിൽ പ്രധാനമാണ്, പുകയിലയുടെയും പുകയില ഉത്പന്നങ്ങളുടെയും ഉപയോഗത്തിൽ ഉണ്ടാവേണ്ട കുറവും നിയന്ത്രണവും. അതുകൊണ്ട് തന്നെ ലോകാരോഗ്യസംഘടന കഴിഞ്ഞ ഇരുപത്തഞ്ച് വർഷമായി, പുകയിലയുടെയും പുകയില ഉത്പന്നങ്ങളുടെയും ഉപയോഗ നിയന്ത്രണം തങ്ങളുടെ മുഖ്യ പൊതുജനാരോഗ്യ സംരക്ഷണ ലക്ഷ്യമായി ഏറ്റെടുത്ത് ലോകം എമ്പാടും പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

**എന്താണ് പുകയില ഉപയോഗത്തെ ഇത്ര പ്രാധാന്യമുള്ള പൊതുജനാരോഗ്യ പ്രശ്നമായി മാറ്റുന്നത് ?**

ഓരോ വർഷവും, 8 മുതൽ 10 ലക്ഷം വരെ ആളുകൾ പുകയിലജന്യരോഗങ്ങൾമൂലംമരണപ്പെടുന്നുഎന്നതും, അതിനിരട്ടി ആളുകൾ മാരകരോഗങ്ങൾക്ക് അടിമപ്പെടുന്നു എന്നതും ആണ് മുഖ്യകാരണം. എന്നാൽ അത് മാത്രമല്ല, ലോകത്തെ തുറിച്ചു നോക്കുന്ന ലഹരി ഉപയോഗത്തിലേക്കുള്ള വാതായനമായാണ് പുകയില ഉപയോഗം അറിയപ്പെടുന്നത്. ലോകത്ത് ഇന്ന് ലഭ്യമായ ഏറ്റവും ചിലവ് കുറഞ്ഞതും എന്നാൽ ഏറ്റവും കൂടുതൽ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ ലഹരിയായി പുകയിലയെ കണക്കാക്കാവുന്നതാണ്. മനുഷ്യ ആയുസ്സിനെ 25 മുതൽ 40 വർഷം വരെ കുറയ്ക്കാൻ പുകയില ഉപയോഗത്തിന് സാധിക്കുന്നു.

പുകയില നിയന്ത്രണ പ്രവർത്തനങ്ങളിൽ എന്നും കേരള സംസ്ഥാനം ഒരുപടി മുന്നിൽ ആയിരുന്നു. ഇന്ത്യൻ പുകയില നിയന്ത്രണ നിയമം 2003 –ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കും മുൻപ് തന്നെ കേരളം പൊതുസ്ഥലത്തെ പുകവലി നിരോധിച്ചിരുന്നു.

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നൂറ് വാര ചുറ്റളവിൽ പുകയില വിൽപ്പന നടത്തിയതിന് രാജ്യത്ത് ആദ്യം പിഴ ഈടാക്കിയ സംസ്ഥാനം കേരളമാണ്.

സിനിമകളിൽ പുകയില ഉപയോഗ പ്രദർശനം നടത്തിയതിന്റെ പേരിലും ആദ്യ കേസ് രജിസ്റ്റർ ചെയ്തത് സംസ്ഥാനത്താണ്. കൂടാതെ തദ്ദേശ സ്വയംഭരണവകുപ്പ് 2010– ൽ തന്നെ പൊതുസ്ഥലത്തെ പുകവലി നിയന്ത്രണം നടപ്പാക്കണം എന്ന് ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

2012 – ൽ പുകയില കലർന്ന ഗുഡ്ക, പാൻമസാല എന്നിവ സംസ്ഥാനം നിരോധിച്ചു. ഈ നിരോധനം കൊണ്ടുവരുന്ന രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. 2018 – ൽ പുകയില നിയന്ത്രണ പ്രവർത്തനങ്ങളിൽ പുകയില കമ്പനികളുടെ ഇടപെടലുകൾ നിയന്ത്രിക്കുന്നതിന് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്ന നയം സംസ്ഥാനം നടപ്പിലാക്കി, ഉത്തരവിറക്കി. പുകയിലയ്ക്ക് ബദലായി അവതരിപ്പിച്ചതും, മാരക ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായതുമായ ഇ–സിഗരറ്റുകൾ നിരോധിച്ച ആദ്യ സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണ്. എല്ലാ സ്കൂളുകളിലും, ജാഗ്രതാ സമിതികളും, ജില്ലാ – സംസ്ഥാനതലങ്ങളിൽ നിയന്ത്രണ സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്ന നമ്മുടെ സംസ്ഥാനത്ത്, നമ്മുടെ നേട്ടങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങൾ പല കോണുകളിൽ നിന്നും ഉണ്ടാവുന്നുണ്ട്.

ലാഭേച്ഛ മാത്രം ലക്ഷ്യം വയ്ക്കുന്ന പുകയില ഉത്പന്ന, വിപണന ലോബിയുടെ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ തുറന്ന് കാട്ടണമെന്നും അതിനെതിരെ ജാഗരൂകരാകണമെന്നുമാണ് ഈ വർഷത്തെ ലോക പുകയില രഹിത ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നത്. 1987 മുതൽ മെയ് 31 ലോക പുകയില വിരുദ്ധ ദിനമായി ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നാം ആചരിക്കുകയാണ്. ഈ വർഷത്തെ ദിനാചരണ സന്ദേശം 'പുകയില കമ്പനികളുടെ തന്ത്രങ്ങൾ തുറന്നു കാട്ടാം' എന്നതാണ്. നമ്മുടെ വരും തലമുറയെ പുകയിലയുടെയും, ലഹരിയുടെയും കരാള ഹസ്തങ്ങളിൽ നിന്നും രക്ഷിക്കാൻ അനേകം പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്നു.

പുകയില രഹിത വിദ്യാലയങ്ങൾ, പുകയില രഹിത ഗ്രാമങ്ങൾ, പുകയില വിമുക്തി ക്ലിനിക്കുകൾ, പുകയില നിയന്ത്രണ നിയമ നടപ്പാക്കൽ എന്ന് വേണ്ട വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ പുകയില ഉപയോഗം ഗണ്യമായി കുറച്ച് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്താനാണ് നാം ലക്ഷ്യമിടുന്നത്. ജനകീയ പങ്കാളിത്തം, സന്നദ്ധസംഘടനകളുടെസഹകരണം,വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവ ഈ ലക്ഷ്യ പ്രാപ്തിക്ക് ആവശ്യമാണ്.



# പുകയിലമുക്ത സംസ്ഥാനമാക്കുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്

**പുകയില ഉപയോഗിക്കുന്നത് അവസാനിപ്പിക്കുന്നതിന് ക്ലിനിക്കൽ പിന്തുണ ആവശ്യമുങ്കെിൽ അത് നൽകാനും ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്**

തിരുവനന്തപുരം: നമ്മുടെ സംസ്ഥാനത്തെ പുകയില മുക്തമാക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പുകയില ഉപയോഗിക്കരുത്. പുകയില ആരോഗ്യത്തിന് അപകടകരവും ഹാനികരവുമാണ്. കാൻസർ പോലുള്ള മാരക രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ലോക പുകയില വിരുദ്ധ ദിനത്തിന്റെ ഭാഗമായി ശക്തമായ ബോധവത്ക്കരണമാണ് നടത്തുന്നത്. ആരോഗ്യ വകുപ്പിന്റെ ആരോഗ്യം ആനന്ദം ജനകീയ കാൻസർ ക്യാമ്പയിന്റെ ഭാഗമായി കൂടി പ്രചരണം നടക്കുന്നതായും മന്ത്രി വ്യക്തമാക്കി. ലോക പുകയില വിരുദ്ധ ദിനം സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പ് വിപുലമായ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് 'പുകയില രഹിതം ലഹരിമുക്തം എന്റെ വിദ്യാലയം' എന്ന ആപ്തവാക്യത്തോടെ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചു കൊണ്ട് സ്കൂളുകളിൽ അവബോധം ശക്തിപ്പെടുത്തുന്നു. പുകയില ഉപയോഗിക്കുന്നത് അവസാനിപ്പിക്കുന്നതിന് ക്ലിനിക്കൽ പിന്തുണ ആവശ്യമുങ്കെിൽ അത് നൽകാനും ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

വിവിധ വകുപ്പുകൾ കൂടി സഹകരിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. തൊഴിലിടങ്ങളിൽ പുകയില ഉപയോഗിക്കുന്ന ആളുകൾ ധാരാളമുണ്ട്. അവർക്കിടയിലും ബോധവത്ക്കരണം ശക്തമാക്കും. പുകയിലയ്ക്കെതിരെ എല്ലാവരും ഒന്നിച്ച് ചേർന്ന് പ്രവർത്തിക്കേതാണ്. ശരീരത്തിന്റെ ആരോഗ്യവും മനസിന്റെ ആരോഗ്യവും മുൻനിർത്തി വളരെ ശക്തമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, അഡീഷണൽ ഡയറക്ടർ ഡോ. കെ.പി. റീത്ത, ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിപിൻ ഗോപാൽ, ആർസിസി അഡിഷണൽ ഡയറക്ടർ ഡോ. സജീദ് എ, കെവിഎച്ച്എസ് എക്സിക്യൂട്ടീവ് ഡയറക്ടർ സാജു വി ഇട്ടി, ഐഡിഎ സ്റ്റേറ്റ് സെക്രട്ടറി ഡോ. സിദ്ധാർഥ് വി നായർ, എൻ.സി.ഡി എൻ.ആർ.സി എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസൻ ജെ ഇടയാറന്മുള, സ്റ്റേറ്റ് മാസ് മീഡിയ ഓഫിസർ ഡോമി ജോൺ, റീജിയണൽ കാൻസർ അസോസിയേഷൻ പ്രസിഡന്റ് ഡോ. ബാബു മാത്യു എന്നിവർ പങ്കെടുത്തു.





ഫോക്കസ് '25

# കൗമാര ആരോഗ്യ ശാക്തീകരണ പരിപാടി



കാഞ്ഞങ്ങാട്: ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രമത്തിന്റെ ഭാഗമായി പെരിയ ഹെൽത്ത് ബ്ലോക്കിന്റെ കീഴിൽ വരുന്ന കുട്ടികൾക്കായി കൗമാര ആരോഗ്യ ശാക്തീകരണ പരിപാടി സംഘടിപ്പിച്ചു.

പരിപാടിയുടെ ഭാഗമായി കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിങ് സെൽ ജില്ലാ കോർഡിനേറ്റർ മെയ്സൺ കളരിക്കൽ ക്ലാസുകൾ കൈകാര്യം ചെയ്തു. കൂടാതെ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് നിതീഷ് ഭരത് രാജ് കെ വി കുട്ടികളുടെ അഭിരുചി പരിശോധന നടത്തി.

കൗമാരക്കാരുടെ ശാരീരിക മാനസിക സാമൂഹ്യ മേഖല പരിഗണിച്ചുകൊണ്ട് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പദ്ധതിയാണ് രാഷ്ട്രീയ കിഷോർ സ്വാസ്ത്യ കാര്യക്രമം. ലൈംഗികവും പ്രജനനപരവുമായ ആരോഗ്യം, മാനസികവും വൈകാരികവുമായ ക്ഷേമം, അക്രമരഹിത ജീവിതം പോഷകാഹാരം, ലഹരിയുടെ ഉപയോഗപ്രതിരോധം എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ജില്ലയിലെ വിവിധ ആശുപത്രികളിൽ കൗൺസിലർമാരുടെ സേവനം ഉൾപ്പെടെ നൽകുന്ന കൗമാര ആരോഗ്യ സൗഹൃദ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

കൗമാരക്കാരിൽ ആസൂത്രിതവും അല്ലാത്തതുമായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി കൗമാരക്കാരെ നേർവഴിക്ക് നടത്തുന്നതിന് സഹായിക്കുന്നവരാണ് പിയർ എഡ്യൂക്കേറ്റർ

**പിയർ എഡ്യൂക്കേറ്റർ**

കൃത്യമായി പരിശീലനം ലഭിച്ച കാര്യബോധമുള്ള കൂട്ടുകാർ വഴി മറ്റു കൗമാരക്കാരിൽ ആസൂത്രിതവും അല്ലാത്തതുമായ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി കൗമാരക്കാരെ നേർവഴിക്ക് നടത്തുന്നതിന് സഹായിക്കുന്നവരാണ് പിയർ എഡ്യൂക്കേറ്റർ. കാസറഗോഡ് ജില്ലയിൽ ഇത്തരത്തിൽ പിയർ എഡ്യൂക്കേറ്റർമാരെ തെരഞ്ഞെടുക്കുകയും അവർക്കു കൃത്യമായ ഇടവേളകളിൽ പരിശീലന അവബോധ പരിപടികളും നടത്തിവരുന്നു.

**സ്കൂൾ കുട്ടികളുടെ ആരോഗ്യ സൗഖ്യ പരിപാടി**

ശാരീരികാരോഗ്യം, ലൈംഗിക പ്രത്യുല്പാദനരോഗ്യം, മാനസികാരോഗ്യം, സാമൂഹിക സുസ്ഥിതി എന്നി മേഖലകളിൽ ആരോഗ്യവകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കുട്ടികളുടെ സമഗ്ര ആരോഗ്യ പദ്ധതി ജില്ലയിൽ ആരംഭിക്കുകയാണ്. ഇതിനായുള്ള ജില്ലാതല പരിശീലന പരിപാടികളും സെമിനാറുകളും ഇതര ഡിപ്പാർട്മെന്റ് മീറ്റിംഗുകളും നടന്നുവരുന്നു. ജില്ലയിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കേണ്ട ബോധവത്കരണ പോസ്റ്ററുകളും സാമഗ്രികളും ജില്ലാ തലത്തിൽ തയ്യാറാക്കുകയും ഓരോ ഹെൽത്ത് ബ്ലോക്കുകളിലും എത്തിക്കുകയും ചെയ്തു. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കും ആരോഗ്യവകുപ്പിന് കീഴിലുള്ള ഡോക്ടർമാർക്കും ഘട്ടം ഘട്ടമായി നൽകുന്ന ശാക്തീകരണ പരിപാടിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലുള്ള എല്ലാ കുട്ടികളുടെയും ആരോഗ്യ സംരക്ഷണം എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

മെയ് 16 ലോക ഡെങ്കി ദിനം

# ഡെങ്കിപ്പനിയിൽ നിന്നുള്ള മോചനത്തിന് ഉറവിട നശീകരണം പ്രധാനം: മന്ത്രി



സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ ആവശ്യമായ പരിശീലനങ്ങളും സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്

തിരുവനന്തപുരം: ഡെങ്കിപ്പനിയിൽ നിന്നുള്ള മോചനത്തിന് ഉറവിട നശീകരണത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മഴക്കാലം മുന്നിൽ കണ്ട് ആരോഗ്യ വകുപ്പ് നേരത്തെ തന്നെ ജാഗ്രതാ നിർദേശം നൽകിയിരുന്നു. ഇതനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളും പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. കൃത്യമായ ചികിത്സയും പരിചരണവും ഉറപ്പാക്കാനും സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ ആവശ്യമായ പരിശീലനങ്ങളും സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ കൃത്യമായ പരിചരണം ഉറപ്പാക്കാനാവശ്യമായ മാർഗനിർദേശങ്ങളും സംസ്ഥാനത്ത് ഉറപ്പാക്കിയതിലൂടെ ഡെങ്കിപ്പനി ബാധിച്ച് മരണങ്ങൾ പരമാവധി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

മെയ് 16 ആണ് ദേശീയ ഡെങ്കി ദിനമായി ആചരിക്കുന്നത്. പൊതുജനങ്ങളുടെ ശ്രദ്ധയും സഹകരണവും ഉറപ്പാക്കിക്കൊണ്ട് മാത്രമേ ഡെങ്കിപ്പനി നിയന്ത്രണ വിധേയമാക്കാൻ സാധിക്കുകയുള്ളൂ. 'ഡെങ്കിപ്പനി പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കാം: ഉറവിടങ്ങൾ പരിശോധിക്കുക, വൃത്തിയാക്കുക, മൂടിവെക്കുക' എന്നതാണ് ഈ വർഷത്തെ പ്രമേയം.

ഇടവിട്ടുള്ള മഴ മൂലം ഡെങ്കിപ്പനി വർധിക്കാൻ സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കണം. വീടുകളിലും പരിസരങ്ങളിലും, പ്ലാന്റേഷനുകളിലും, കൃഷിയിടങ്ങളിലും എവിടെ വേണമെങ്കിലും പ്രത്യേകിച്ച് മഴവെള്ളം കെട്ടിനിൽക്കുന്ന സാഹചര്യങ്ങളിൽ കൊതുകുകൾക്ക് മുട്ടയിടാനും വളരുവാനും സാധിക്കും. വീടുകളിൽ വെള്ളം ശേഖരിച്ച് വയ്ക്കുന്ന പാത്രങ്ങൾ ശരിയായി അടച്ചുവയ്ക്കാതിരിക്കുന്ന സാഹചര്യങ്ങളിലും ചെടിച്ചട്ടി, ഫ്രിഡ്ജിന്റെ ട്രേ എന്നിവിടങ്ങളിലും വീടുകൾക്കുള്ളിൽ തന്നെ കൊതുകുകൾ വരുന്നതായി കാണുന്നുണ്ട്. വീടിനുള്ളിലും പരിസരത്തും വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കുകയും മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

അടിസ്ഥാന സൗകര്യ വികസനത്തിൽ

# കുതിപ്പുമായി കൊല്ലം ജില്ലാ ആശുപത്രി




കൊല്ലം: ജില്ലയുടെ ആരോഗ്യരംഗത്ത് മികച്ച മുന്നേറ്റം തുടർന്ന് കൊല്ലം ജില്ലാ ആശുപത്രി. അടിസ്ഥാന സൗകര്യ വികസനം, മെച്ചപ്പെട്ട രോഗീ പരിചരണം, വിദഗ്ധ ഡോക്ടർമാരുടെ സേവനം, സ്പെഷ്യാലിറ്റി സേവനങ്ങൾ എന്നിവയിൽ വലിയ മുന്നേറ്റമാണ് ജില്ലാ ആശുപത്രിയിൽ യാഥാർത്ഥ്യമാകുന്നത്.

കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന 3 ബഹുനില കെട്ടിടങ്ങൾ, ഒ.പി, ഐ.പി വാർഡുകളുള്ള 12 നില വാർഡ് ടവർ, സൂപ്പർ സ്പെഷ്യാലിറ്റി ക്രിട്ടിക്കൽ കെയർ യൂണിറ്റ്, പോസ്റ്റ്മോർട്ടം റെക്കോർഡ്സ് റൂം, ബേൺസ് യൂണിറ്റ്, എട്ടു നിലയിലുള്ള ഡയഗ്നോസ്റ്റിക് കോംപ്ലക്സിൽ സജ്ജമാക്കുന്ന ഡയാലിസിസ് യൂണിറ്റ്, ലാബുകൾ, ബ്ലഡ് ബാങ്ക് എന്നിവ പണി പൂർത്തിയായി പ്രവർത്തന സജ്ജമാകുന്നതോടെ ജില്ലാ ആശുപത്രി ഹൈടെക് ആയി മാറും. 24 മണിക്കൂറും എം.ആർ.ഐ സ്കാനിംഗ്, സി.ടി സ്കാനിംഗ് സൗകര്യങ്ങൾ ലഭ്യമാകുന്നതു വഴി സ്വകാര്യ സ്കാനിംഗ് സെന്ററുകളിലേക്ക് രോഗികളെ റെഫർ ചെയ്യുന്നത് ഒഴിവാക്കാനും അതുവഴി നിർധനരായ രോഗികൾക്ക് കൈത്താങ്ങാകാനും സാധിക്കുന്നു.

ജീവനം പദ്ധതിയിലൂടെ നടപ്പാക്കിയ ഡയാലിസിസ് യൂണിറ്റിന്റെ സേവനം ദിനം പ്രതി 75 ഓളം പേർക്കാണ് ലഭ്യമാകുന്നത്. ശ്വാസകോശ മുഴകൾ, അർബുദം, ക്ഷയം എന്നിങ്ങനെയുള്ള സങ്കീർണ്ണമായ ശ്വാസകോശ രോഗങ്ങൾ കാലേകൂട്ടി കണ്ടെത്തുന്നതിനുള്ള ബ്രോങ്കോസ്കോപ്പി സേവനം, സ്തനാർബുദം കണ്ടെത്തുന്നതിനുള്ള ആധുനിക സൗകര്യമായ മാമോഗ്രാം, കാത്ത്ലാബ് എന്നിങ്ങനെയുള്ള ഏറ്റവും മികച്ച അത്യാധുനിക സേവനങ്ങളാണ് ജില്ലാ ആശുപത്രിയിൽ നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്നത്, ഇതിനു പുറമേ ശ്വാസകോശ ആവരണത്തിൽ വെള്ളം കെട്ടിക്കിടക്കുന്ന പ്ലൂറൽ എഫ്യൂഷൻ പരിശോധനയ്ക്കുള്ള തൊറോക്കോ സ്കോപ്, പ്രമേഹം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള 360 ഡിഗ്രി എൻ.സി.ഡി ക്ലിനിക് എന്നിവ കൂടി യാഥാർത്ഥ്യമാകുന്നതോടെ ജില്ലാ ആശുപത്രിയുടെ മുഖഛായ തന്നെ മാറും.

പുത്തൻ കെട്ടിടം ഉയരും

# കൊറ്റനാട് കുടുംബാരോഗ്യ കേന്ദ്രമാകും



പത്തനംതിട്ട: പുത്തൻ കെട്ടിടം പൂർത്തിയാകുന്നതോടെ കൊറ്റനാട് പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുമെന്ന് ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. റാന്നി എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് 90 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യ മേഖലയിൽ റാന്നിയിൽ വിസ്മയകരമായ വികസനം സാധ്യമായി. നിലയ്ക്കലിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം ഉടൻ ആരംഭിക്കും. റാന്നി താലൂക്ക് ആശുപത്രിയിലെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നതായും മന്ത്രി പറഞ്ഞു. മഴക്കാല രോഗ പ്രതിരോധത്തിന് കൂടുതൽ ശ്രദ്ധ നൽകണമെന്നും കൂട്ടിച്ചേർത്തു.

പ്രമോദ് നാരായൺ എം.എൽ.എ അധ്യക്ഷനായി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതകുമാരി റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാത്യു, ജില്ലാ പഞ്ചായത്ത് അംഗം രാജി പി രാജപ്പൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ ഗോപി ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം ഡോ. ദേവ് കിരൺ ആരോഗ്യപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# എന്റെ കേരളം പ്രദർശന മേളകളിലൂടെ





















